**പതിനാലാം കേരളനിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.240 | 15.07.2016 ന് മറുപടിയ്ക്ക്.

## വനം വകുപ്പിൽ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ആർ.സുനിൽ കുമാർ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.കെ.രാജൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പ് ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) വനം വകുപ്പിന്റെ ആധുനികവൽക്കരണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട് ആധുനികവൽക്കരണത്തിന്റെ ഭാഗമായി വന്യമൃഗങ്ങളുടെ നിരീക്ഷണത്തിനായി ഉപയോഗിക്കുന്ന റേഡിയോ കോളർ സംവിധാനവും ക്യാമറാ ട്രാപ്പ് നിരീക്ഷണ സംവിധാനവും കൂടുതലായി ഉപയോഗിച്ചു വരുന്നുണ്ട്. വന്യജീവി ആക്രമണം മൂലം പരിക്കോ, മരണമോ, കൃഷിനാശമോ, മറ്റു നാശനഷ്ടങ്ങളോ സംഭവിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ അപേക്ഷകന് ലഭിക്കുന്നതിനായി ഓൺലൈൻ സംവിധാനം നടപ്പിലാക്കി. വയനാട് ജില്ലയിൽ കാട്ടാനകൾ നാട്ടിലേക്ക് ഇറങ്ങി പ്രശ്നങ്ങൾ ഉണ്ടാക്കുന്ന മേഖലകളിൽ സമീപവാസികൾക്ക് മുന്നറിയിപ്പ് നൽകുന്നതിനു വേണ്ടിയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന്റെ സാധ്യത പഠിച്ചു വരുന്നു. |

ലോകബാങ്കിന്റെ സഹായത്തോടെ കേരള വനവല്ക്കരണ പദ്ധതി പ്രകാരം 1998-2003 കാലയളവിൽ വിപുലമായ തോതിൽ കമ്പ്യൂട്ടർവല്ക്കരണ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചിരുന്നു. നിലവിൽ റേഞ്ച് ഓഫീസ് തലം വരെയുള്ള ഓഫീസുകളിൽ കമ്പ്യൂട്ടർവല്ക്കരണം പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എല്ലാ ഫോറസ്റ്റ് സ്റ്റേഷനുകളിലും കമ്പ്യൂട്ടർവല്ക്കരണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ വനം വകുപ്പിന്റെ ആധുനികവല്ക്കരണവുമായി ബന്ധപ്പെട്ട ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

സേവനാവകാശ നിയമത്തെ അടിസ്ഥാനപ്പെടുത്തി കാർഷികവിളനാശം സംഭവിച്ചതും, വന്യമൃഗങ്ങളാൽ മരണം സംഭവിച്ചതുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ നഷ്ടപരിഹാരം അനുവദിക്കപ്പെട്ടത് സംബന്ധിച്ച അനുമതിപത്രം ഓൺലൈൻ വഴി നല്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

| | |
|---|---|
| (ബി) ഈ പദ്ധതികൾക്കായി കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് സഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | (ബി) വനം വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനായി 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിലേക്ക് 1642.50 ലക്ഷം രൂപ 14th Finance Commission-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) വന്യ ജീവികളുടെ ആക്രമണങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ; ഇതിനായി പുതിയ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് | (സി) വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | 1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.<br>2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.<br>4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.<br>5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br>8. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ചു മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.<br>9. പ്രശ്നക്കാരായ ആനകളെ പിടിച്ചു മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.<br>10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന |

നടപടികൾ.

11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

12. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

13. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

സെക്ഷൻ ഓഫീസർ